# കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി
## യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റൽ, കൊക്കാലെ

ഫോൺ: 8547732415; ഇ-മെയിൽ - vhkok@kvasu.ac.in


നമ്പർ: KVASU/UVHK/2681/2026 തീയതി: 24.09.2026

## വിജ്ഞാപനം

യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റൽ, കൊക്കാലയിലെ ഹോസ്പിറ്റൽ എക്സ്റ്റാബ്ലിഷ്മെൻറിൻറെ ഭാഗമായ **'ലേബറർ ഓൺ ഡെയിലി വേജസ്'** തസ്തികയിലേക്ക് 2026-27 സാമ്പത്തിക വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നതിനായി ചുവടെ പറയുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു.

യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ചുവടെ പറയുന്ന സമയക്രമം അനുസരിച്ച് തിരിച്ചറിയൽ കാർഡ്, വയസ്സ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളും, അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സെറ്റ് പകർപ്പും, വിജ്ഞാപനത്തോടൊപ്പമുള്ള ബയോഡാറ്റയും സഹിതം കൊക്കാലെ യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റലിൽ ഹാജരാകേണ്ടതാണ്.

### യോഗ്യതാ മാനദണ്ഡങ്ങൾ

| ക്രമ നമ്പർ | പ്രോഗ്രാമിന്റെ പേര് | തീയതിയും സമയവും | തസ്തികയുടെ പേര് | ഒഴിവുകളുടെ എണ്ണം | അടിസ്ഥാന യോഗ്യത | കരാർ വേതനം | നിയമന കാലാവധി |
|---|---|---|---|---|---|---|---|
| 1 | UVH, കൊക്കാലെ – എസ്റ്റാബ്ലിഷ്മെന്റ് | 09.10.26<br>09:00 AM | **ലേബറർ ഓൺ ഡെയിലി വേജസ്** (Labourer on Daily Wages) | 01 (Gen-1) | - ഏഴാം ക്ലാസ് ജയം.<br>- ഫാം/വളർത്തുമൃഗങ്ങളെ കൈകാര്യം ചെയ്യുന്നതിനുള്ള ശാരീരികക്ഷമത. | മാസം പരമാവധി ₹19,310/- | 2026-27 സാമ്പത്തിക വർഷത്തേയ്ക്ക് |

## നിബന്ധനകളും വ്യവസ്ഥകളും

1. ഇന്റർവ്യൂവിൽ പങ്കെടുക്കുന്നതിനായി അപേക്ഷകർക്ക് TA/DA നൽകുന്നതല്ല.
2. ഈ നിയമനം പൂർണ്ണമായും താത്കാലികമാണ്. നിലവിലെ ഒഴിവിലേക്ക് സർവ്വകലാശാല തൊഴിലാളികളെ നിയമിക്കുകയോ ജോലി ക്രമീകരണം അനുവദിക്കുകയോ ചെയ്യുന്ന പക്ഷം ഈ നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥി ബന്ധപ്പെട്ട അധികാരിയുമായി മുദ്രപ്പത്രത്തിൽ കരാർ ഒപ്പിടേണ്ടതാണ്.

3. റിക്രൂട്ട്മെന്റ് നം. G.O (P) No.54/2025/Fin തീയതി: 19.04.2025, കൂടാതെ സർവ്വകലാശാല സർക്കുലർ നം. KVASU/GA/A4/6162/2025(3) തീയതി: 18.04.2026 എന്നിവയ്ക്ക് അനുസൃതമായിരിക്കും.
4. അച്ചടക്കലംഘനമോ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിൽ വീഴ്ചയോ വരുത്തിയാൽ തൊഴിലാളിയെ ഉടനടി ജോലിയിൽ നിന്ന് പിരിച്ചുവിടുന്നതാണ്. സ്വമേധയാ ജോലി ഉപേക്ഷിക്കുകയാണെങ്കിൽ ഒരു മാസം മുമ്പ് നോട്ടീസ് നൽകേണ്ടതാണ്.
5. വെറ്ററിനറി സർവകലാശാലയിലോ മറ്റ് സർക്കാർ സ്ഥാപനങ്ങളിലോ സ്ഥിരനിയമനത്തിനായി ഉദ്യോഗാർത്ഥിക്ക് യാതൊരു അവകാശവാദവും ഉണ്ടായിരിക്കുന്നതല്ല.
6. വിവരങ്ങൾ മറച്ചുവെക്കുകയോ മറ്റ് സ്വാധീനങ്ങൾ ഉപയോഗിക്കുകയോ ചെയ്യുന്നത് അയോഗ്യതയ്ക്കോ നിയമനത്തിന് ശേഷമുള്ള പിരിച്ചുവിടലിനോ കാരണമാകുന്നതാണ്.
7. അപേക്ഷകരുടെ എണ്ണത്തിന് അനുസരിച്ച് സെലക്ഷൻ നടപടിക്രമങ്ങളും ഷോർട്ട്ലിസ്റ്റിംഗും സെലക്ഷൻ കമ്മിറ്റി തീരുമാനിക്കുന്നതാണ്.
8. സർക്കാർ ചട്ടങ്ങൾ അനുസരിച്ചുള്ള സംവരണ ക്രമം പാലിക്കുന്നതാണ്.
9. ഈ കരാർ നിയമനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിലോ സർക്കാരിലോ "സ്ഥിരനിയമനം" അവകാശപ്പെടില്ല എന്ന് സമ്മതിച്ചുകൊണ്ട് തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥി പ്രൊഫസർ & ഹെഡ്, വെറ്ററിനറി ഹോസ്പിറ്റൽ, കൊക്കാലയ്ക്ക് ഒരു ബോണ്ട് സമർപ്പിക്കേണ്ടതാണ്.
10. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥി അധികൃതർ നിർദ്ദേശിക്കുന്ന സമയങ്ങളിൽ കൊക്കാലെ UVH-ൽ ഹോസ്പിറ്റൽ ഡ്യൂട്ടികൾ ചെയ്യേണ്ടതാണ്. ആശുപത്രിയുടെ ആവശ്യാനുസരണം ഈ ഡ്യൂട്ടികൾ പകൽ, വൈകുന്നേരം, രാത്രികാല ഷിഫ്റ്റുകളിൽ ക്രമീകരിക്കപ്പെടുന്നതായിരിക്കും.

UNIVERSITY VETERINARY HOSPITAL
THRISSUR
PIN 680 021
KOKKALAI

പ്രൊഫസർ ആൻഡ് ഹെഡ്

PROFESSOR AND HEAD
University Veterinary Hospital
Kokkalai, Thrissur-680 021

സ്വീകർത്താവ് - സർവകലാശാല വെബ് സൈറ്റ് (www.kvasu.ac.in)

പകർപ്പ് - രജിസ്ട്രാർ
ഡയറക്ടർ (അക്കാദമിക്സ് & റിസർച്ച്)
ഡയറക്ടർ ഓഫ് ഫാംസ്/ഫയൽ